# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 361 24.06.2019 – ൽ മറുപടിക്ക്

## ഇ.എസ്.ഐ. ചികിത്സാ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. ടി.എ.അഹമ്മദ് കബീർ<br>ശ്രീ. പി.കെ.അബ്ദു റബ്ബ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഇ.എസ്.ഐ. ചികിത്സാ പദ്ധതിക്ക് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ നിലവിലുള്ള നിയന്ത്രണം മാറ്റുന്നതിന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മറുപടി ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും | ആവശ്യപ്പെട്ടിട്ടുണ്ട്.<br>ഇ.എസ്.ഐ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതിന് 2011 ജനുവരി മുതൽ ഇ.എസ്.ഐ കോർപ്പറേഷൻ കൊണ്ടുവന്ന മാനദണ്ഡങ്ങൾ ഇപ്രകാരമാണ്.<br><br>1. പുതുതായി അംഗത്വമെടുക്കുന്ന തൊഴിലാളിക്ക് അംഗത്വമെടുത്ത തീയതി മുതൽ 3 മാസത്തിൽ കുറയാത്ത സേവനവും 39 ദിവസത്തിൽ കുറയാത്ത ഇ.എസ്.ഐ വിഹിതവും അടച്ചിരിക്കേണ്ടതാണ്.<br>2. തൊഴിലാളികളുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കുവാൻ തൊഴിലാളിക്ക് 6 മാസത്തിൽ കുറയാത്ത സേവനവും 78 ദിവസത്തിൽ കുറയാത്ത ഇ.എസ്.ഐ വിഹിതം അടച്ചിരിക്കുകയും വേണം. |
| (ബി) | ഇത് പരിഹരിച്ചുകിട്ടുന്നതിന് നാളിതുവരെ സർക്കാർ നടത്തിയ ശ്രമങ്ങൾ ഫലപ്രദമാകാത്തത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | 3. 2011 ന് മുൻപ് അംഗത്വമെടുത്തവർക്ക് മെഡിക്കൽ ബെനഫിറ്റിന് അർഹത ഉണ്ടെങ്കിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹത ലഭിക്കും.<br><br>പ്രസ്തുത വ്യവസ്ഥകൾ ഇ.എസ്.ഐ കോർപ്പറേഷൻ 2016-ൽ പുതുക്കി നിശ്ചയിക്കുകയുണ്ടായി. ആയത് പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹത നേടാൻ പ്രധാനമായും താഴെപറയുന്ന യോഗ്യതകൾ വേണമായിരുന്നു.<br><br>1. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള അസുഖം കണ്ടെത്തുന്ന തീയതിക്ക് തൊട്ടുമുമ്പുള്ള രണ്ട് വർഷം ഇ.എസ്.ഐ ഗുണഭോക്താവ് തുടർച്ചയായി തൊഴിലിൽ ഉണ്ടായിരിക്കേണ്ടതാണ്.<br><br>2. രോഗം ആരംഭിക്കുന്നതിനു മുമ്പായി നാല് അംശദായ കാലയളവുകളിലായി 156 ദിവസത്തെ അംശദായം അടയ്ക്കുകയും മേൽപ്പറഞ്ഞ നാല് അംശദായ കാലയളവിൽ ഏതെങ്കിലും രണ്ട് എണ്ണത്തിൽ രോഗാനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയും വേണം.<br><br>തൊഴിലാളികൾക്ക് ദ്രോഹകരമാകുന്ന |

| | | | |
|---|---|---|---|
| | | | തരത്തിൽ 2016-ൽ ഏർപ്പെടുത്തിയ ഭേദഗതികൾ റദ്ദാക്കണമെന്ന് കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിച്ച് തൊഴിലും എക്സൈസും വകുപ്പ് മന്ത്രി കത്തയക്കുകയും നേരിട്ട് സന്ദർശിച്ച് നിവേദനം നൽകുകയും ചെയ്തിരുന്നു. തീരുമാനം പുനഃപരിശോധിക്കുന്ന വിഷയം ഇ.എസ്.ഐ കോർപ്പറേഷൻ ഡയറക്ടർ ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കേന്ദ്ര സർക്കാരിന്റെ 15.04.2019 ലെ ഗസറ്റ് വിജ്ഞാപന പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നൽകുന്നതിനുള്ള അർഹത മാനദണ്ഡമായി ഒരു പുതിയ റെഗുലേഷൻ (96C) പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്. അതു പ്രകാരം<br><br>1. ഇ.എസ്.ഐ സംരക്ഷിത തൊഴിലാളിക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കണമെങ്കിൽ ഇ.എസ്.ഐ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് 6 മാസം പൂർത്തിയാക്കുകയും ആ കോൺട്രിബ്യൂഷൻ കാലയളവിൽ 78 ദിവസത്തെ വിഹിതം അടച്ചിരിക്കുകയും വേണം.<br><br>2. തൊഴിലാളിയുടെ ആശ്രിതർക്ക് സൂപ്പർ |

| | | | |
|---|---|---|---|
| | | | സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കണമെങ്കിൽ തൊഴിലാളി രജിസ്റ്റർ ചെയ്ത് ഒരു വർഷ കാലയളവ് പൂർത്തിയാക്കുകയും ആ കാലയളവിൽ വരുന്ന 2 കോൺട്രിബ്യൂഷൻ കാലയളവിൽ ഓരോന്നിലും 78 ദിവസത്തിൽ കുറയാത്ത വിഹിതം അടച്ചിരിക്കുകയും വേണം.<br><br>എന്നാൽ ഈ ചികിത്സാ സൗകര്യം അടുത്ത ബെനഫിറ്റ് കാലയളവ് മുതൽ മാത്രമാണ് ലഭ്യമാകുക. പുതിയ നിബന്ധനകളും തൊഴിലാളികൾക്ക് ഗുണകരമല്ല എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ നടത്തിയ ഫലപ്രദമായ ഇടപെടലുകൾക്കനുസൃതമായ തരത്തിൽ കേന്ദ്ര സർക്കാർ തീരുമാനം പുനപരിശോധിക്കേണ്ടതുണ്ട്. |
| (സി) | രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എല്ലാ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലും പ്രസ്തുത പദ്ധതി പ്രകാരമുള്ള ചികിത്സാനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | ഇക്കാര്യത്തിൽ ഇ.എസ്.ഐ കോർപ്പറേഷനാണ് നടപടി സ്വീകരിക്കേണ്ടത്. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ ആശുപത്രികളുമായി ഇ.എസ്.ഐ. കോർപ്പറേഷൻ പ്രത്യേക മാനദണ്ഡങ്ങൾ പ്രകാരമാണ് കരാറിൽ ഏർപ്പെടുന്നത്. പ്രസ്തുത എംപാനൽഡ് ആശുപത്രികൾ |

| | | | |
|---|---|---|---|
| | | | മുഖേന ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാനുകൂല്യം ലഭിക്കുന്നുണ്ട്. നിലവിൽ 48 ആശുപത്രികളെയും 3 ലബോറട്ടറികളെയും ഇ.എസ്.ഐ കോർപ്പറേഷൻ എംപാനൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ